# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.03.2026**

## പ്രധാനവാർത്തകൾ

1. ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. വിവിധ വിഷയങ്ങളെച്ചൊല്ലി ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം.

2. 2040 ഓടെ വൈദ്യുതി ഉത്പാദനം പൂർണമായും പുനരുപയോഗ മാർഗത്തിലാക്കാനാണ് സംസ്ഥാനത്തിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടുക്കി പള്ളിവാസൽ വിപുലീകരണ ജലവൈദ്യുത പദ്ധതി മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു.

3. പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് ലെബനൻ, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് പൗരന്മാരെ മടക്കി അയച്ചതായി ഇന്ത്യൻ എംബസ്സി.

4. സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

5. മീനമാസ പൂജക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ തുറക്കും. പൈങ്കുനി ഉത്രം ഉത്സവം 23-ന് കൊടിയേറും.

RNU TVPM

6. ഐ.പി.എൽ ക്രിക്കറ്റ് ആദ്യഘട്ട മത്സരക്രമം പുറത്ത്. 28 ന് ബംഗളൂരു- ഹൈദരാബാദ് പോരാട്ടം.

***************************

## പാർലമെന്റ്

ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. ധനമന്ത്രി നിർമ്മലാസീതാരാമൻ 2026ലെ ധനവിനിയോഗ ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. അതേസമയം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും ലോക്സഭയിൽ നടപടികൾ തടസപ്പെട്ടു. 12 മണിവരെ നിർത്തിവയ്ച്ച ലോക്സഭയിൽ നടപടികൾ പുനരാരംഭിച്ചു. രാജ്യസഭയിലും നടപടികൾ പുരോഗമിക്കുന്നു.

***************************

## ഉപരാഷ്ട്രപതി

ദണ്ഡിയാത്രാ വാർഷികദിനമായ ഇന്ന്, മഹാത്മാഗാന്ധിക്കും ധീര സ്വാതന്ത്ര്യ സമര സേനാനികൾക്കും ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലി അർപ്പിച്ചു. 1930 ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിച്ച ദണ്ഡി സത്യഗ്രഹം, ഇന്ത്യയുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ നിർണായക സംഭവമാണെന്ന് ഉപരാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ അനുസ്മരിച്ചു.

***************************

## പ്രത്യേക വിമാനം

പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് ലെബനൻ, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് പൗരന്മാരെ മടക്കി അയച്ചതായി ഇന്ത്യൻ എംബസ്സി. ബെയ്റൂത്തിൽ നിന്നുള്ള 177 ഇന്ത്യൻ

RNU TVPM

പൗരന്മാർ ഉൾപ്പെടുന്ന ആദ്യ സംഘവും , ഖത്തറിൽ നിന്നുള്ള 500 ലധികം ഇന്ത്യക്കാരും ഇന്ത്യയിലേക്ക് മടങ്ങിയതായി ഖത്തറിലേയും , ലെബനനിലേയും ഇന്ത്യൻ എംബസികൾ അറിയിച്ചു. അതേസമയം ഇസ്രയേലും ഹിസ്ബുള്ളയും രൂക്ഷമായ ഏറ്റുമുട്ടുന്ന ലെബനനിൽ യു.എൻ സമാധാന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. സമാധാന സേനാംഗങ്ങൾ ഒരുതരത്തിലുമുള്ള ആക്രമണത്തിനോ ഭീഷണിക്കോ ഇരയാകരുതെന്നും, അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി സുരക്ഷ ഉറപ്പാക്കണമെന്നും ഇന്ത്യയടക്കം 30 രാജ്യങ്ങൾ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

*************************

## മുഖ്യമന്ത്രി (ഇൻട്രോ)

2040 ഓടെ വൈദ്യുത ഉൽപ്പാദനം പൂർണമായും പുരുപയോഗ സാധ്യതയുള്ള സ്രോതസുകളെ ആശ്രയിച്ചായിരിക്കണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടുക്കി പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ കമ്മീഷനിങ്ങും ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സുവർണജൂബിലി ആഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ പത്തുവർഷത്തിനിടെ വൈദ്യുതി മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാനായെന്ന് അദ്ദേഹം പറഞ്ഞു. കെഎസ്ഇബി ലാഭത്തിലേക്കു നീങ്ങുകയാണ്. ട്രാൻസ് ഗ്രിഡ് പദ്ധതി വഴി സംസ്ഥാനത്ത് നിലവാരമുള്ള വൈദ്യുതി ഉറപ്പാക്കാനാണ് ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്..... സിഎം)

*************************

RNU TVPM

## മുഖ്യമന്ത്രി - മറൈൻ ഇക്കോ സിറ്റി

കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ 'മറൈൻ ഇക്കോ സിറ്റി' പദ്ധതിയുടെ ശിലാസ്ഥാപനം ഇന്ന് വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ.രാജൻ അധ്യക്ഷനാകും. മൂന്ന് ഘട്ടങ്ങളിലായി 3,394 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

***************************

## ചൂട്

സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു. 8 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 24 മണിക്കൂറിലെ യുവി ഇൻഡക്സ് കണക്കനുസരിച്ചാണ് ജാഗ്രതാ മുന്നറിയിപ്പ്.

RNU TVPM

***************************

## പാലക്കാട്- മെമു സർവീസ് (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഫ്ലാഗ് ഓഫ് ചെയ്ത പാലക്കാട്-പൊള്ളാച്ചി മെമു സർവീസ് ഇന്ന് മുതൽ പതിവ് സർവീസ് ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലി മുത്ത്....**

(വോയിസ്)

***************************

## ശബരിമല

മീനമാസ പൂജക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ തുറക്കും. പൂജകൾ പൂർത്തിയാക്കി 19-ന് അടക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി 22-ന് വീണ്ടും തുറക്കും. 23-നാണ് പൈങ്കുനി ഉത്രം ഉത്സവം കൊടിയേറുന്നത്. ഏപ്രിൽ ഒന്നിന് പമ്പയിൽ ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

***************************

## എസ്.ഐ.ആർ

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

***************************

## ബിജി വർഗീസ് അന്തരിച്ചു

ആകാശവാണി പത്തനംതിട്ട ജില്ലാ മുൻ പ്രതിനിധിയും ജീവൻ ടിവി റിപ്പോർട്ടറുമായിരുന്ന ബിജി വർഗീസ് അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. സംസ്കാരച്ചടങ്ങുകൾ ഇന്ന് ഉച്ചകഴിഞ്ഞ് നൂറനാട് പടനിലം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും.

RNU TVPM

**************************

## ടെക്നോ കൾച്ചറൽ ഫെസ്റ്റ് -കണ്ണൂർ പിടിസി (ഇൻട്രോ)

കണ്ണൂർ കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ

ദേശീയതല ടെക്നോ- കൾച്ചറൽ ഫെസ്റ്റിന് തുടക്കമായി.

ഐ.എസ്.ആർ.ഒ സീനിയർ സയൻറിസ്റ്റ് സി.നന്ദകുമാർ ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..........

(വോയിസ്)

**************************

## ബി.സി.സി.ഐ- ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റ് ആദ്യ ഘട്ടത്തിന്റെ ഷെഡ്യൂൾ ബി.സി.സി.ഐ പ്രഖ്യാപിച്ചു. ഈ മാസം 28ന് ബെംഗളൂരുവിൽ നടക്കുന്ന ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഏപ്രിൽ 12 വരെയാണ് മത്സരം. ആദ്യഘട്ടത്തിൽ 10 വേദികളിലായി ആകെ 20 മത്സരങ്ങൾ നടക്കും.

**************************

## ഫാക്ട് ചെക്ക്

ഡൽഹിയിലെ ഇന്ത്യ-ഇസ്രായേൽ സംയുക്ത പ്രതിരോധ കേന്ദ്രത്തിൽ വൻ തീപിടുത്തമുണ്ടായെന്ന തരത്തിലുള്ള പ്രചാരണം തള്ളി കേന്ദ്രസർക്കാർ. വാർത്ത വ്യാജമാണെന്നും ഇത്തരം പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും

RNUTVPM

വിദേശകാര്യ മന്ത്രാലയത്തിന്റെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

***************************

## ജി.സുധാകരൻ

അമ്പലപ്പുഴയിൽ സ്വാതന്ത്രസ്ഥാനാർഥിയായി മത്സരിക്കുമെന്ന് മുതിർന്ന സിപിഎം നേതാവ് ജി.സുധാകരൻ. ആരുടെയും പിന്തുണയോടെ അല്ല മത്സരിക്കുന്നതെന്നും, പ്രതിപക്ഷ പാർട്ടികളുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെന്നും ശ്രീ.സുധാകരൻ മാധ്യമങ്ങളെ അറിയിച്ചു.

***************************

## കണ്ണൂർ- മരിച്ച നിലയിൽ

ബാല നടനായിരുന്ന ഹരിമുരളിയെ മരിച്ച നിലയിൽ കണ്ടെത്തി. കണ്ണൂർ അന്നൂരിലെ വീടിനുള്ളിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. 27 വയസ്സായിരുന്നു. രസികൻ, അണ്ണൻ തമ്പി, മാടമ്പി തുടങ്ങിയ അമ്പതോളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

PNU TVPM

***************************

## അപകട മരണം

മലപ്പുറത്ത് കൊണ്ടോട്ടിക്കടുത്ത് മൊറയൂരിൽ ബസ്സും കാറും കൂട്ടിയിടിച്ച് മൂന്നുപേർ മരിച്ചു. കാർ യാത്രക്കാരായ പാലക്കാട് സ്വദേശികളായ ബാസില ,സക്കീന, ഷിയാസ് എന്നിവരാണ് മരിച്ചത്. കാറിൽ ഉണ്ടായിരുന്ന മറ്റു രണ്ടു പേരെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

***************************

## കെ.എസ്.യു - ജാമ്യം

മന്ത്രി വീണ ജോർജിനെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആക്രമിച്ച സംഭവത്തിൽ ജയിലിൽ കഴിയുകയായിരുന്ന കെ എസ് യു പ്രവർത്തർക്ക് ജാമ്യം. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. ഉപാധികളോടെയാണ് ജാമ്യം. കെ എസ് യു ജില്ലാ പ്രസിഡണ്ട് ഉൾപ്പെടെ അഞ്ച് പേർക്കാണ് ജാമ്യം അനുവദിച്ചത്.

**************************

## നവീൻ ബാബു- ഹർജി

കണ്ണൂർ എ ഡി എം ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഭാര്യ നൽകിയ തുടരന്വേഷണ ഹരജിയിൽ വിധി പറയുന്നത് വീണ്ടും മാറ്റി. തലശ്ശേരി കോടതി ഈ മാസം 16 ലേക്കാണ് മാറ്റിയത്.

RNU TVPM

**************************

## കുടിവെള്ളം- വി.വി.രാജേഷ്

തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ക്ഷാമം ഉണ്ടാകുമെന്ന ജല അതോറിറ്റിയുടെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ബദൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തിരുവനന്തപുരം മേയർ വി വി രാജേഷ്.

ടാങ്കറുകളിൽ വിവിധ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുമെന്നും വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

**************************

## കെ.ബി.ഗണേഷ്കുമാർ

സോളാർ ഗൂഢാലോചന കേസിൽ വിചാരണ നിർത്തിവയ്ക്കണമെന്ന മന്ത്രി കെ.ബി. ഗണേഷ് കുമാറിൻ്റെ ഹർജി കൊട്ടാരക്കര ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. ഏപ്രിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ പത്തനാപുരം നിയോജകമണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിക്കുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ വിചാരണ മാറ്റിവയ്ക്കണമെന്നായിരുന്നു കേസിൽ രണ്ടാം പ്രതിയായ ഗണേഷ് കുമാറിൻ്റെ ഹർജി. വിചാരണ ഈ മാസം 30 ന് പുനരാരംഭിക്കും.

***************************

## ബി.ജ.പി തിരഞ്ഞെടുപ്പ് പ്രചാരണം

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി നാട്ടിക മണ്ഡലത്തിൽ ബിജെപിയുടെ പ്രചാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹമന്ത്രിയും പാർട്ടി നേതാവുമായ സുരേഷ് ഗോപി തുടക്കം കുറിച്ചു. പാർട്ടി

ചിഹ്നം വരച്ചുകൊണ്ടാണ് ഔദ്യോഗികമായി പ്രചാരണ പരിപാടികൾക്ക് അദ്ദേഹം തുടക്കമിട്ടത്.

*******************************************************
***************************

RNU TVPM